# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 3834** **23.08.2017-ൽ മറുപടിയ്ക്ക്**

## അടാട്ട് സർവ്വീസ് സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള ഓഹരി ഉടമകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2017 ഏപ്രിൽ 12 വരെയുള്ള വോട്ടവകാശമുള്ള ഓഹരി & ഉടമകളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) (ബി) 01.10.2014 മുതൽ ബാങ്കിന്റെ അതുവരെ ഉപയോഗിച്ചുവന്നിരുന്ന സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറ്റുകയുണ്ടായി. ഇങ്ങനെ മാറ്റിയപ്പോൾ ശരിയായ രീതിയിലുള്ള മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. 30.09.2014 വരെയുണ്ടായിരുന്ന ബാങ്കിന്റെ പ്രവർത്തനങ്ങൾ പഴയ സോഫ്റ്റ് വെയറിൽ നിലനിർത്തിയെങ്കിലും പിന്നീട് നടന്ന പരിശോധനയിൽ ഈ സോഫ്റ്റ് വെയർ സംവിധാനത്തിൽ നിന്ന് യാതൊരു കണക്കുകളും ലഭ്യമല്ലാത്തതിനാൽ ആയത് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 30.09.2014 ന് മുമ്പുള്ള വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സംഘം പ്രവർത്തനമാരംഭിച്ചത് മുതൽക്കുള്ള അംഗങ്ങളുടെ രേഖകളും ലിസ്റ്റും തയ്യാറാക്കാൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിലുള്ള അന്വേഷണവും വിജിലൻസ് അന്വേഷണവും നടന്നുവരികയാണ്. |
| (ബി) പ്രസ്തുത ഓഹരി ഉടമകളുടെ ഷെയർ സർട്ടിഫിക്കറ്റ് ക്രമ നമ്പർ സഹിതമുള്ള പേരും വിലാസവും വിശദമാക്കുമോ; | |

| | | | |
|---|---|---|---|
| (സി) | 2017 ഏപ്രിൽ 12 മുതൽ പുതുതായി വോട്ടവകാശമുള്ള ഓഹരി എടുത്തിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | 2017 ഏപ്രിൽ 12 ന ശേഷം പുതിയ അംഗങ്ങളെ ചേർത്തിട്ടില്ല. |
| (ഡി) | പ്രസ്തുത ഓഹരി ഉടമകളുടെ ഷെയർ നമ്പർ സഹിതമുള്ള പേരും വിലാസവും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ